കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - ജനകീയാസൂത്രണം - സംസ്ഥാനതല റിസോഴ്സ് ഗ്രൂപ്പ് - പുനഃസംഘടന - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയം ഭരണ (ഡി എ) വകുപ്പ്

സ.ഉ(എം.എസ്) നം.231/2018/തസ്വഭവ — തിരുവനന്തപുരം, തീയതി, 25.01.2018

വായന : 1) 14.05.2007-ലെ ജി.ഒ.(എം.എസ്) 128/07/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ്

2) 24.09.2012-ലെ സ.ഉ.(സാധാ) നം.2671/12/തസ്വഭവ

3) 29.09.2016-ലെ സ.ഉ.(എം.എസ്.) നം.139/16/തസ്വഭവ

4) സംസ്ഥാന പ്ലാനിംഗ് ബോർഡ് മെമ്പർ & ചെയർമാൻ, എസ്.ആർ.ജി.യുടെ 01.01.18 ലെ നം.1/എസ്.ആർ.ജി./2017 കത്ത്

## ഉത്തരവ്

തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണ അവലോകന നിർവഹണ പ്രവർത്തനങ്ങൾക്ക് സംഘടനാപരവും സഹായകരവുമായ പിന്തുണ സംവിധാനം ഏർപ്പെടുത്തുന്നതിന് വിവിധ വികസന വകുപ്പുകളുടെ ഉദ്യോഗസ്ഥരെയും ഇതര വിഭാഗത്തിലെ വിദഗ്ധരെയും ഉൾപ്പെടുത്തിക്കൊണ്ട് ഒരു സംസ്ഥാനതല റിസോഴ്സ് ഗ്രൂപ്പ് രൂപീകരിക്കേണ്ടതാണെന്ന് വായന(1)ലെ സർക്കാർ ഉത്തരവിൽ നിർദ്ദേശിച്ചിട്ടുണ്ട്. വായന (2) പ്രകാരം രൂപീകരിച്ച സംസ്ഥാന റിസോഴ്സ് ഗ്രൂപ്പ് വായന (3) പ്രകാരം പുനഃസംഘടിപ്പിച്ചിട്ടുണ്ട്. സംസ്ഥാന ആസൂത്രണ ബോർഡ് വികേന്ദ്രീകൃതാസൂത്രണ ചീഫിനെയും ഇൻഫർമേഷൻ കേരള മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറേയും ആദ്യ എസ്.ആർ.ജി യോഗം മുതൽ ക്ഷണിച്ചിരുന്നതിന് സാധൂകരണം നൽകണമെന്നും സംസ്ഥാനതല റിസോഴ്സ് ഗ്രൂപ്പിൽ (എസ്.ആർ.ജി.യിൽ) ഇവരുടെ സാന്നിദ്ധ്യവും സേവനവും കൂടുതൽ പ്രയോജനകരമായതിനാൽ ഇവരെക്കൂടി എസ്.ആർ.ജി.യിൽ ഉൾപ്പെടുത്തുന്നത് പരിഗണിക്കണമെന്നും വായന (4)പ്രകാരം സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ് ചെയർമാൻ അഭ്യർത്ഥിച്ചിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സംസ്ഥാന ആസൂത്രണ ബോർഡ് വികേന്ദ്രീകൃതാസൂത്രണ ചീഫിനെയും ഇൻഫർമേഷൻ കേരള മിഷൻ ഡയറക്ടറേയും ഉൾപ്പെടുത്തി സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ് പുനഃസംഘടിപ്പിച്ച് ഉത്തരവാകുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
എൻ. വിശ്രുതൻ ആചാരി
ജോയിന്റ് സെക്രട്ടറി

ചീഫ് (വികേന്ദ്രീകൃതാസൂത്രണവിഭാഗം),
സംസ്ഥാന ആസൂത്രണ ബോർഡ്, പട്ടം, തിരുവനന്തപുരം

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ചെയർമാൻ, സംസ്ഥാനതല റിസോഴ്സ് ഗ്രൂപ്പ്, സംസ്ഥാന ആസൂത്രണ ബോർഡ്, പട്ടം,തിരുവനന്തപുരം
മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണബോർഡ്, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ് ,തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസനവകുപ്പ് കമ്മീഷണർ,തിരുവനന്തപുരം
എക്സിക്യൂട്ടീവ് ചെയർമാൻ ആൻറ് ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം.

പകർപ്പ് - തദ്ദേശസ്വയംഭരണ വകുപ്പ്മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി(അർബൻ)യുടെ പി.എ.യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി(റൂറൽ)യുടെ പി.എ.യ്ക്ക്
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

(ഒപ്പ്)

സെക്ഷൻ ഓഫീസർ